"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു. ഹൈക്കോടതി മുൻപാകെ M/s. Vijay Constructions ഫയൽ ചെയ്ത WP(C) 3690/2025 നമ്പർ കേസിന്മേൽ ബഹു.ഹൈക്കോടതിയുടെ 27/02/2025 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.26/2025/PWD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-

1. പൊതുമരാമത്ത് നിരത്തു വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 24-01-2023 തീയതിയിലെ DMP-RD/2020/209 നം. നടപടിക്രമം
2. പൊതുമരാമത്ത് നിരത്തു വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 07-03-2023 തീയതിയിലെ DMP - RD/2020/2095 നം. നടപടിക്രമം
3. WP(C) No.14195/2023 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 06-03-2024 തീയതിയിലെ വിധിന്യായം.
4. M/s. Vijay Constructions 16/01/2025 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷ.
5. WP(C) 3690/2025 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 27/02/2025 തീയതിയിലെ വിധിന്യായം.
6. 14-03-2025, 25-03-2025 തീയതികളിലെ PWD-G2/121/2025-PWD നം. സർക്കാർ കത്തുകൾ.
7. സൂപ്രണ്ടിംഗ് എഞ്ചിനീയർ, നിരത്തു വിഭാഗം, മദ്ധ്യമേഖല ആലുവയുടെ 18-03-2025, 26-03-2025 തീയതികളിലെ SECCRD/123/2025-E2-PWD നം. കത്തുകൾ.

8. പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ 21-03-2025 തീയതിയിലെ CEPWD/5042/2023-C6(W)-RD നം. കത്ത്.

## ഉത്തരവ്

'Chithrapuzha - Ponjassery road from Ch. 3.380 to 8.00 (BM Patch & BC)' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുൻപാകെ M/s. Vijay Constructions ഫയൽ ചെയ്ത WP(C) No. 3690/2025 നമ്പർ കേസിന്റെ പരാമർശം (5) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു.

"In the aforesaid circumstances, I dispose of the writ petition, bu directing the Ist respondent to consider and dispose of Exhibit P13 representation, in accordance with law and as expeditiously as possible, at any rate, within four weeks from the date of production of a copy of the judgment, after affording the petitioner an opportunity of being heard."

2. M/s. Vijay Constructions പരാമർശം (4) പ്രകാരം പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ (ExhibitP13), 'Chithrapuzha - Ponjassery road from Ch. 3.380 to 8.00 (BM Patch & BC)' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരനെ (M/s. Vijay Constructions) നീക്കം ചെയ്ത ഉത്തരവ് റദ്ദാക്കണമെന്നും, കരാറുകാരൻ എഗ്രിമെൻറ് തുകയ്ക്ക് തന്നെ ടി റോഡ് പണി ചെയ്യുവാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്.

3. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1-ാം എതിർകക്ഷിയായ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അധികാരപ്പെടുത്തിയ പ്രകാരം പൊതുമരാമത്ത് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 28/03/2025 തീയതി രാവിലെ 11.30 മണിയ്ക്ക് ഹർജികക്ഷിയെ നേരിൽ കേട്ടു.

4. കരാറുകാരന് (M/s. Vijay Construction) വേണ്ടി Shri. Vijay M. Ittoop, Adv.Blaze K. Jose എന്നിവരും Smt. Asha S., EE Communications, O/o CE Roads, Shri. Shamon K.U., EE, Muvattupuzha, Smt. Ushas M.U., AEE, Perumbavoor, Shri.Jaison Jacob, AA, O/o SE Roads,

Central Circle Aluva എന്നിവരും പങ്കെടുത്തു.

5. ഇത് സംബന്ധിച്ച് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"Chithrapuzha - Ponjassery road from Ch. 3.380 to 8.00 (BM Patch & BC)" എന്ന പ്രവൃത്തി 6 മാസ പൂർത്തീകരണ കാലാവധിയോടു കൂടി സൈറ്റ് 30-01-2021 തീയതിയിൽ കരാറുകാരനായ M/s. Vijay Constructions -ന് കൈമാറിയിട്ടുണ്ട്. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 29-07-2021 വരെയായിരുന്നു. പ്രവൃത്തി പൂർത്തിയാകാത്തതിനാൽ ടി കരാറുകാരനെക്കൊണ്ടു തന്നെ പ്രവൃത്തി പൂർത്തിയാക്കാം എന്ന ധാരണയിൽ 5 തവണ കാലാവധി നീട്ടി നൽകുകയുണ്ടായി. അതായത് 22-10-2022 വരെ (1 വർഷം 3 മാസം). അതിനു ശേഷം 25-01-2023 വരെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കാലാവധി നീട്ടി നൽകിയെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിന് നിരവധി ഓർമ്മക്കുറിപ്പുകൾക്കു ശേഷവും കരാറുകാരൻ സമ്മതിക്കാത്തതാണ്. വർക്ക് പൂർത്തിയാകാത്തത് തന്റെ പിഴവ് കൊണ്ടല്ല എന്നും ബിറ്റുമിൻ സപ്ലൈ ചെയ്യുന്ന കൊച്ചിൻ റിഫൈനറി അടച്ചതുമൂലം മെറ്റീരിയൽ ദൗർലഭ്യം മൂലമാണെന്നും അറിയിച്ചിരുന്നു. എന്നാൽ മൂവാറ്റുപുഴ ഡിവിഷനിലെ മറ്റ് റോഡ് പ്രവൃത്തികൾ ടി സമയം പുരോഗമിക്കുന്നുണ്ടായിരുന്നു. പ്രവൃത്തി യഥാസമയം പൂർത്തിയാകാത്തതിനാൽ 22-02-2023 തീയതിയിൽ കരാറുകാരനെ നേരിൽ കേൾക്കുന്നതിന് നിർദ്ദേശം നൽകിയെങ്കിലും ടിയാൻ ഹാജരായില്ല. 28-02-2023 തീയതി നടത്തിയ ഹിയറിംഗിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് അവസരം നൽകിയെങ്കിലും അവശ്യസാധനങ്ങളുടെ ക്ഷാമം കാരണം പ്രവൃത്തി പൂർത്തിയാക്കാനാകില്ല എന്ന് അറിയിച്ചു. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ 06-01-2023 തീയതിയിൽ ലഭിക്കുകയും ആയത് 24-01-2023 തീയതിയിൽ അംഗീകരിക്കുകയും സ്റ്റാംപ് പേപ്പർ സമർപ്പിക്കുന്നതിന് വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായെന്നും, കരാറുകാരന്റെ ഭാഗത്തുനിന്നും വർക്ക് പൂർത്തിയാക്കുന്നതിന് ആത്മാർത്ഥമായ ശ്രമം ഉണ്ടാകാത്തതിനാൽ 18-02-2023 തീയതിയിൽ വർക്ക് തുടങ്ങുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. 22-02-2023 തീയതിയിൽ നടത്തിയ ഹിയറിങ്ങിൽ മറ്റൊരവസരം കൂടി നൽകുകയുമുണ്ടായി.

25-01-2023 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിനെതുടർന്ന് അനുബന്ധ കരാർ വയ്ക്കാത്തതിനാലും കാലാവധി നീട്ടി നൽകുന്നതിന് അപേക്ഷ നിശ്ചിത സമയത്തിന്

സമർപ്പിക്കാത്തതിനാലും റോഡിന്റെ അവസ്ഥ വളരെ മോശമായതിനാലും SBD Clause 15.5 and 15.6, PWD Manual Clause 2116.2 എന്നിവ പ്രകാരം നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്നും കരാറുകാരനായ M/s. Vijay Constructions -നെ ഒഴിവാക്കി ബാക്കിയുള്ള പ്രവർത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനക്രമീകരിക്കുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് M/s. Vijay Constructions ഫയൽ ചെയ്ത WP(C) No.14195/2023-യുടെ പരാമർശം (3) പ്രകാരമുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ 16-04-2024 തീയതിയിൽ കരാറുകാരനെ നേരിൽ കേൾക്കുകയും കരാറുകാരന്റെ വാദം അംഗീകരിക്കാൻ കഴിയാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയ ഉത്തരവ് നിലനിർത്തി മുന്നോട്ട് പോകാൻ തീരുമാനിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

6. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയത സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടി കരാർ ഉടമ്പടിയുടെയും PWD Manual -ന്റെയും അടിസ്ഥാനത്തിലാണെന്ന് ചീഫ് എഞ്ചിനീയർ പരാമർശം(8) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

7. ഹിയറിങ്ങ് വേളയിൽ M/s. Vijay Constructions -ന്റെ പ്രതിനിധി താഴെ പറയും പ്രകാരം അറിയിച്ചു.

ചിത്രപ്പുഴ പോഞ്ഞാശ്ശേരി റോഡിൻറെ എഗ്രിമെൻറ് 21/1/2021 തീയതിയിൽ കരാറുകാരൻ (Vijay Constructions) ഏറ്റെടുത്തിട്ടുള്ളതും, തുടർന്ന് കോവിഡിനോട് അനുബന്ധിച്ച് റോഡ് പണിക്ക് ആവശ്യമായ ബിറ്റുമെൻ, മറ്റ് മെറ്റീരിയൽസിന്റെ ലഭ്യത ഇല്ലാതിരുന്നതിനാൽ, സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നാല് പ്രാവശ്യം സമയം നീട്ടി നൽകുകയുണ്ടായി. 25/10/2022 തീയതിയിൽ ഒരു മാസത്തെ സമയം ആവശ്യപ്പെട്ട് അസിസ്റ്റൻറ് എൻജിനീയർക്ക് അപേക്ഷ സമർപ്പിക്കുകയും, തുടർന്ന് 15-11-2022 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പിഴയോടുകൂടി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് ശുപാർശ ചെയ്യുകയും, കരാറുകാരന്റെ പിഴവ് കാരണമല്ല പ്രവൃത്തി പൂർത്തിയാക്കാത്തത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ, 25-01-2023 വരെ പിഴ കൂടാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശിപാർശ ചെയ്തു. കരാറുകാരൻ 25-10-2022 -ൽ നൽകിയ അപേക്ഷയ്ക്ക് പരാമർശം (1) പ്രകാരം 25-01-2023 വരെ 2,11,111/- രൂപ പിഴയോടുകൂടി (1 ദിവസം) അനുവദിച്ച് ഉത്തരവായിരുന്നു (രേഖ ഹാജരാക്കിയിട്ടുണ്ട്). തുടർന്ന് 15-02-2023 തീയതിയിൽ മാത്രമാണ്

കരാർ വയ്ക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയത്. കൂടാതെ 18-02-2023 തീയതിയിൽ നൽകി എന്നു പറയുന്ന നോട്ടീസ് ലഭിച്ചിട്ടില്ല എന്നും അറിയിച്ചു. 28-02-2023 തീയതിയിൽ കരാർ വയ്ക്കുന്നതിന് സന്നദ്ധനാണന്ന് സൂചിപ്പിച്ച് നൽകിയ കത്തും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 28-02-2023-ലെ ഹിയറിങ്ങ് മിനിട്ട്സിൽ ഉടൻ പ്രവൃത്തി തുടങ്ങുന്നതിന് മെറ്റീരിയൽ ക്ഷാമം കാരണം ബുദ്ധിമുട്ടാണെന്ന് കരാറുകാരൻ അറിയിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ആയത് വാസ്തവവിരുദ്ധമാണെന്നും അറിയിച്ചു. ആയതിനാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് നിശ്ചിത സമയത്ത് അപേക്ഷ നൽകിയില്ല എന്നുള്ളതും അനുബന്ധ കരാർ വെയ്ക്കാൻ തയ്യാറായില്ല എന്നുള്ളതും രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കണമെന്നും അഭ്യർത്ഥിച്ചു.

മേൽ വസ്തുതകൾ കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്ത ഉത്തരവ് റദ്ദാക്കുന്നതിനും, അംഗീകരിച്ച ടെണ്ടർ തുകയിൽ ബാലൻസ് പ്രവൃത്തി ചെയ്യുന്നതിന് അനുവദിക്കുന്ന പക്ഷം ആയത് ഒരു മാസത്തിനകം പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു.

8. മേൽ വിഷയത്തിൽ ഹർജികക്ഷി ഹാജരാക്കിയ രേഖകൾ പരിശോധിക്കുമ്പോൾ, പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് യഥാസമയം അപേക്ഷ സമർപ്പിച്ചതായാണ് കാണുന്നത്. എന്നാൽ ലഭ്യമാക്കിയ രേഖകളുടെ ആധികാരികത ബന്ധപ്പെട്ട ഫയലിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

9. മേൽസാഹചര്യത്തിൽ, കരാറുകാരന്റെ (M/s.Vijay Constructions) നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്ത സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടി, M/s.Vijay Constructions സമർപ്പിച്ച രേഖകൾ ബന്ധപ്പെട്ട ഫയലിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന്, ഹർജികക്ഷി ലഭ്യമാക്കിയ രേഖകൾ കൈമാറിക്കൊണ്ട്, നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി M/s. Vijay Constructions ഫയൽ ചെയ്ത WP(C) 3690/2025-നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (5)ലെ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUJITHA KUMARI S S

#ApprovedByDesignation#

പകർപ്പ്:-

1.VIJAY CONSTRUCTION, Representation by Managing Partner, M.P. Ittoop, S/o. Ittan Varghese, Mykulangara House, Kinginimattom P.O., Kolenchery, Ernakulam - 682 311.

2.അഡ്വക്കേറ്റ് ജനറൽ കേരളം, എറണാകുളം, (ആമുഖ കത്ത് സഹിതം).

3.ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്തു വിഭാഗം, തിരുവനന്തപുരം, (ഹർജികക്ഷി ഹാജരാക്കിയ രേഖകൾ സഹിതം).

4.സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്തു വിഭാഗം, മദ്ധ്യമേഖല, ആലുവ.

5.എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത് നിരത്തുകൾ വിഭാഗം,മൂവാറ്റുപുഴ

6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള (ആഡിറ്റ്/ എ&ഇ), തിരുവനന്തപുരം.

7.ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ).

8.കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 11-04-2025 14:46:51
സെക്ഷൻ ഓഫീസർ